പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1975** 18.06.2013 ൽ മറുപടിയ്ക്ക്

## കടൽത്തിരമാലയിൽ നിന്നും വൈദ്യുതി

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. കെ. ബഷീർ
ശ്രീ. പി. ബി. അബ്ദുൾ റസാക്

(എ) കടൽത്തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഫലപ്രദവും പ്രായോഗികവുമായ സാങ്കേതിക വിദ്യ എവിടെയെങ്കിലും വികസിപ്പിച്ചെടുത്തിട്ടുള്ളതായി അറിവുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ചുള്ള വിശദ വിവരം ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന നോൺ കൺവെൻഷനൽ എനർജി സംബന്ധിച്ച ഏജൻസി ഇതു സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ; പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) യും (ബി)യും (സി) യും

കടൽത്തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ പല സ്ഥലങ്ങളിലും നിലവിലുണ്ട്. അവ മിക്കവാറും പരീക്ഷണാടിസ്ഥാനത്തിലുള്ളവയാണെന്നാണ് അറിഞ്ഞിട്ടുള്ളത്. ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജി (NIOT) എന്ന കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനം ഇത്തരം ഒരു ഗവേഷണ പ്രോജക്ട് കേരളത്തിൽ വിഴിഞ്ഞത്ത് ചെയ്തിരുന്നു. പരീക്ഷണ പഠനങ്ങൾക്ക് ശേഷം ഈ പരീക്ഷണ പ്ലാന്റ് ഡീകമ്മീഷൻ ചെയ്തു. സംസ്ഥാന നോൺ കൺവെൻഷൻ എനർജിയുടെ നോഡൽ ഏജൻസിയായ അനെർട്ട് ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ